ഉത്തരം

(എ) ഉണ്ട്.

(ബി) സാക്ഷ്യപത്രം നൽകുന്ന ഏജൻസികൾ തികച്ചും നോൺ ഗവൺമെന്റ് ഏജൻസിയായിരിക്കണം. ഓരോ വിളകൾക്കും പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണോ ജൈവകൃഷി നടത്തിയിരിക്കുന്നതെന്ന് ഘട്ടം ഘട്ടമായ പരിശോധനയുടെ അടിസ്ഥാനത്തിലാണ് ജൈവകർഷക സാക്ഷ്യപത്രം നൽകുന്നത്. കൃഷി ചെയ്യാനുദ്ദേശിക്കുന്ന ഫാമിൽ വിത്ത് തെരഞ്ഞെടുപ്പുമുതൽ എല്ലാ ഘട്ടങ്ങളിലും ജൈവവസ്തുക്കൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ജൈവകൃഷി രീതിയിലേക്ക് മാറുന്നതിനു വാർഷികവിളകൾക്ക് ഒരു വർഷവും വൃക്ഷവിളകൾക്ക് മൂന്നുവർഷവുമാണ്. 'കൺവർഷൻ പീരിയഡ്' ആയി കണക്കാക്കുന്നത്. രാസവസ്തുക്കളോ ജനിതക വിത്തുകളോ, സിന്തറ്റിക് ഗ്രോത്ത് റെഗുലേറ്ററുകളോ ഉപയോഗിക്കാൻ പാടില്ല. കൂടാതെ ഒരേ ഇനത്തിൽപ്പെട്ട കൃഷി രീതിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സംഘങ്ങൾ രൂപീകരിക്കുന്നതുമൂലം അവയുടെ പരിശോധന, സർട്ടിഫിക്കേഷന്റെ മേൽനോട്ടം എന്നിവ നടത്താവുന്നതാണ്. കൃഷിവകുപ്പിന്റെ ജില്ലാതല ഓഫീസിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുമ്പോൾ കൃഷി സംബന്ധിച്ച എല്ലാ വിവരവും ഉണ്ടായിരിക്കണം. ഓരോ ഫാമിനെയും/ കർഷകനെയും കുറിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഗ്രൂപ്പിലുള്ള ഒരു കർഷകന് ആ ഫാമിന്റെയോ, ഗ്രൂപ്പിന്റേയോ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം നൽകുന്നു. അതിനു പ്രത്യേകം പരിശീലനവും നൽകുന്നതാണ്. അവരുടെ അഭാവത്തിൽ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 'സേവന തല്പരൻ' ഒരു നിശ്ചിത ഫീസ് ഈടാക്കി പ്രസ്തുത ജോലി ഏറ്റെടുക്കും. സർട്ടിഫിക്കേഷൻ ഏജൻസികൾ പരിശോധകർ മുഖാന്തിരം അക്രഡിറ്റേഷൻ ഏജൻസിയെ സമീപിച്ച് അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് വാങ്ങി സർട്ടിഫിക്കേഷൻ ഏജൻസിയായി പ്രവർത്തിക്കേണ്ടതാണ്.

(സി&ഡി) പ്രചാരം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിലെ പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള കർഷക സംഘത്തിനു സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

79 (1874) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. വേണഗോപാൽ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൈവ കൃഷിനയം പ്രഖ്യാപിക്കുവാനുദ്ദേശമുണ്ടോ ;

(സി) ജൈവ കാർഷികോല്പന്നങ്ങൾ സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറായി.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കാർഷിക കയറ്റുമതി മേഖലയിൽ രാസവളം ഉപയോഗിക്കാതെ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കയറ്റുമതി ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് കയറ്റുമതിക്കാരുടെയും കൃഷിക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പച്ചക്കറി കർഷകർക്ക് നൽകുന്ന സഹായം

80 (1875) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി കൃഷി ചെയ്യുന്ന കൃഷിക്കാർക്കും കാർഷിക സംഘങ്ങൾക്കും കൃഷി വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം നടത്തുന്നതിന് എന്തെങ്കിലും സഹായങ്ങൾ കൃഷിവകുപ്പ് അനുവദിച്ച് തരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003-2004-ലെ സംസ്ഥാനാവിഷ്കൃത പദ്ധതിവഴി പച്ചക്കറി കൃഷി നടത്തുന്ന ഹരിതസംഘങ്ങൾക്ക് കൃഷി ചെലവുകൾക്കായി ഹെക്ടറിന് 8000 രൂപ വീതം റിവോൾവിംഗ് ഫണ്ടായി നൽകി വരുന്നു. കൂടാതെ അർബൻ ഏരിയായിലെ റസിഡൻസ് അസോസിയേഷനുകൾക്ക് 27.75 ലക്ഷം രൂപ ചിലവഴിച്ചുകൊണ്ട് 111000 പച്ചക്കറി വിത്ത് കിറ്റുകൾ നൽകുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിവഴി പരമ്പരാഗതമായി കൃഷി ചെയ്യുന്ന കർഷകസംഘങ്ങൾക്ക് ഹെക്ടറിന് 5000 രൂപ റിവോൾവിംഗ് ഫണ്ടായി നൽകി വരുന്നു. കൂടുതെ ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ (ജൈവീക രീതിയിലെ കൃഷിക്കായി) നൽകി

LIBRARY ARCHIVES Kerala Legislative Assembly